GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/09/2026

1. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി കർഷക സുരക്ഷ വന്യമൃഗ സംഘർഷ ലഘൂകരണ കോൺക്ലേവ് നാളെ സെപ്റ്റംബർ 29 ന് കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ വെച്ച് സംഘടിപ്പിക്കുന്നു. വന്യമൃഗങ്ങളെ കൃഷിയിടങ്ങളിൽ നിന്നും അകറ്റുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് അപഗ്രഥിക്കുന്ന ഈ കോൺക്ലേവ് രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 മണി വരെയാണ് സംഘടിപ്പിക്കുന്നത്.
2. പേവിഷബാധവിമുക്ത കേരളം-പ്രതിരോധകുത്തിവയ്പ്പ് പദ്ധതി നാലാം ഘട്ടം ഇന്ന് സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 27 വരെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 'World Rabies

Day’ ആയ ഇന്ന് സെപ്റ്റംബർ 28 ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ബിന്ദു കൃഷ്ണ കൊല്ലം ജില്ലയിൽ വച്ച് നിർവ്വഹിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ Rabies Free Keralam Vaccination Campaign പദ്ധതിയുടെ കീഴിൽ നടത്തുന്ന വളർത്തുനായകൾക്കുള്ള ആന്റി റാബീസ് വാക്സിനേഷൻ ക്യാമ്പെയിൻ ആണ് ഇത്. മാരകമായ റാബീസ് രോഗത്തിൽ നിന്നും വളർത്തു നായ്ക്കളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയാണ്. ഇതുവഴി മനുഷ്യരിൽ റാബീസ് രോഗബാധ ഉണ്ടാകുന്നത് തടയാൻ സാധിക്കും.

3. കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ 2026–27 അധ്യയന വർഷത്തേക്ക് നടത്തുന്ന ബിരുദ (UG) കോഴ്സുകളിലെ എൻ.ആർ.ഐ (NRI) ക്വാട്ട സൂപ്പർന്യൂമററി സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി www.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ, 0487 243819 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ–പഠന കേന്ദ്രം (സെന്റർ ഫോർ ഇ–ലേണിംഗ്) ഒക്ടോബർ 15 ന് ആരംഭിക്കുന്ന “Soil Health Management” എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക്

അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ **www.celkau.in** എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. നവംബർ 15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്ന ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **"അലങ്കാര മത്സ്യകൃഷിയും, ലൈവ് ഫീഡ് കൾച്ചറും"** എന്ന വിഷയത്തിൽ **സെപ്റ്റംബർ 30** ന് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773, 0487 2370773 എന്നീ ഫോൺ നമ്പറുകളിൽ സെപ്റ്റംബർ 29 ന് മുൻപായി ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'പഴം - പച്ചക്കറി സംസ്കരണം' എന്ന വിഷയത്തിൽ **സെപ്റ്റംബർ 29** ന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വിവിധ പഴം-പച്ചക്കറികളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ

നിർമ്മാണം (Jam, squash, RTS, Pickle), വിവിധ പാക്കേജിങ്- സംസ്കരണ യന്ത്രങ്ങൾ, FSSAI മാനദണ്ഡങ്ങൾ, തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ഉണ്ടായിരിക്കും. ഫീസ് 1000 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതായിരിക്കും. താല്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ (രാവിലെ 9 മുതൽ വൈകിട്ട് 4 വരെ) 8089076698 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. തിരുവല്ലം കെ-അഗ്ടെക് ലോഞ്ച് പാഡ് വെള്ളായണി കാർഷിക കോളജ് ഒക്ടോബർ 23ന് സംഘടിപ്പിക്കുന്ന ഏകദിന മൈക്രോഗ്രീൻ ഉത്പാദന പരിശീലന പരിപാടിയിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കെ-അഗ്ടെക് ലോഞ്ച് പാഡിൽ വെച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ നടക്കുന്ന പരിശീലനത്തിൽ മൈക്രോഗ്രീൻസ് തയാറാക്കൽ, വിളവെടുപ്പ്, വിവിധ ഭക്ഷ്യവിഭവങ്ങളുടെ തയാറാക്കൽ, സംരംഭകത്വ സാധ്യതകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകും. പങ്കെടുക്കാൻ താല്പര്യം ഉള്ളവർ രജിസ്ട്രേഷൻ ഫീസ് ആയ 500 രൂപയടച്ച് ഒക്ടോബർ 21 ന മുൻപായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 9995624888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.